പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1645 08-06-2018- ൽ മറുപടിക്ക്

**മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിൽ നാളികേര പാർക്ക്**

**ചോദ്യം**

**ശ്രീ പി.വി. അൻവർ**

**ഉത്തരം**

**ശ്രീ.വി.എസ്. സുനിൽകുമാർ**

**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിൽ നാളികേര പാർക്ക് സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | | |
| (ബി) | നാളികേര പാർക്കിന് എത്ര സ്ഥലമാണ് ആവശ്യമായിട്ടുള്ളത് എന്നറിയിക്കാമോ; | (എ), (ബി), (സി) & (ഡി) | സംസ്ഥാനത്ത് ആദ്യഘട്ടമെന്ന നിലയിൽ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അതിൽ നാളികേര പാർക്കും ഉൾപ്പെടുന്നുണ്ട്. നാളികേര പാർക്കുമായി ബന്ധപ്പെട്ട പദ്ധതികളുടെ DPR കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തയ്യാറാക്കി വരുകയാണ്. ഈ പദ്ധതി KIIFB വഴിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | പാർക്കിൽ സ്വകാര്യ സംരംഭകർക്ക് ഭൂമി ലഭ്യമാക്കുമോ; ഇതോടനുബന്ധിച്ച് ഗവേഷണ കേന്ദ്രം ആരംഭിക്കുന്നുണ്ടോ; | | |
| (ഡി) | ഈ പദ്ധതി കിഫ്ബി വഴിയാണോ നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും ഡി.പി.ആർ തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്നും വിശദമാക്കാമോ; | | |
| (ഇ) | പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും ഇത് മൂലം കർഷകർക്ക് ലഭിക്കുന്ന പ്രയോജനം എന്തെല്ലാമെന്നും വിശദമാക്കാമോ? | (ഇ) | 01/01/2018 - ലെ G.O (MS) 1/18/AD പ്രകാരം കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനായി 20 കോടി രൂപയ്ക്ക് വീതമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായിട്ടാണ് വിവിധ മേഖലകളിൽ അഗ്രോ പാർക്കുകൾ ആരംഭിക്കുന്നത്. കർഷകരുടെയും സഹകരണ സൊസൈറ്റികളുടെയും സംയുക്ത കൂട്ടായ്മയിൽ കൂടിയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. ഓരോ പാർക്കും ഓരോ തരം കാർഷിക വിളകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. സാങ്കേതിക നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള വിളവെടുപ്പും തുടർന്നുള്ള പ്രോസ്സസിംഗ്, മാർക്കറ്റിംഗ് എന്നിവയും കൂടി ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു പദ്ധതിയാണ്. വിവിധ അഗ്രോ പാർക്കുകൾ വഴിയുള്ള അഗ്രോ പ്രോഡക്ടുകൾക്ക് പൊതുവായ ബ്രാൻഡിംഗ് നൽകുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ